വാരാന്ത്യപതിപ്പ് ലക്കം- 15 | AUGUST 29 - SEPTEMBER 4

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ

എ ടോക്ക് വിത്ത് ഔർ ഫ്യൂച്ചർ സ്റ്റാഴ്സ്
പേജ് 1

ആധുനികകാലത്തെ മഹാളഷി
പേജ് 1

ചോദ്യം ഉത്തരം
പേജ് 2

അക്ഷരാഗ്നി
പേജ് 2

ചിന്താവിഷയം
പേജ് 3




## എ ടോക്ക് വിത്ത് ഔർ ഫ്യൂച്ചർ സ്റ്റാഴ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## എ ടോക്ക് വിത്ത് ഔർ ഫ്യൂച്ചർ സ്റ്റാർസ്

ദേശീയ കായിക ദിനത്തോടനുബന്ധിച്ച് കോളേജിലെ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപാർട്ട്മെന്റ് എച്ച് ഒ ഡി ഡോ. സി.ടി ടോയ്, കായിക താരങ്ങളായ ആൻസി സോജൻ ഇ, അഞ്ജലി പി.ഡി , സാലിഹ കെ.എച്ച്, ആൻ റോസ് ടോമി എന്നിവരുമായി 'ഇന്ത്യാസ് ഫ്യൂച്ചർ ഷൈനിങ്ങ് സ്റ്റാർസ് ' എന്ന പേരിൽ ഒരു ടോക്ക് സംഘടിപ്പിച്ചു.

## ആധുനികകാലത്തെ മഹാളൂഷി

സാമുദായിക നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിനെ കുറിച്ചും ഈ ഓൺലൈൻ കാലഘട്ടത്തിനിടയിലും സാമൂഹിക അകൽച്ചക്കിടയിലും നാം വച്ചു പുലർത്തേണ്ടുന്ന മാനസിക അടുപ്പത്തിന്റെ പ്രാധാന്യത്തെ കുറിച്ചും എൻ എസ് എസ് യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ വൊളണ്ടിയർ അഗസ്റ്റീന സി എസ് സംസാരിച്ചു





# ചോദ്യം ഉത്തരം

**ഐ.ഐ.ടി കെജിപി എൻഎസ്എസ് യൂണിറ്റിന്റെ പ്രാദേശിക കേന്ദ്രം എവിടെയാണ് ?**

**കൊൽക്കത്ത**

## അക്ഷരാഗ്നി -



# നിറപ്പകർച്ച

നിറഞ്ഞ നിലാവിലെ
നിഗൂഢ നിശാപുഷ്പം
നാട്ടി നടത്തി നിർത്തിയൊരാ
നാനാവർണ്ണ കാഴ്ചകൾ;
നൊമ്പരത്തിൻ നേർകാഴ്ച്ചയിലെ
നോവിന്റെ ഗതി മാറ്റിയെന്നെ
നിർനിമേഷയാക്കിയതെങ്ങിനെ?

നേരെന്തൊക്കെയാണെന്നറിഞ്ഞാലും,
നേരിനോളം ആഴം മറ്റൊന്നിനുമില്ലങ്കിലും;
നനവോടെ നുണഞ്ഞ ചില
നുണപലഹാരങ്ങളുടെ
നിറവും ഗന്ധവും
നിരന്തരമായി എന്തുകൊണ്ടിങ്ങനെ
നിറഞ്ഞു തുളുമ്പുന്നു?

നവ നാളുകൾക്കെങ്കിലും
നോവിൻ നിറങ്ങളെ
നഷ്ടപ്പെടുത്താനാകട്ടെ എന്തെന്നാലവ
നിറം മങ്ങിയ കിനാക്കളാണ്
നൊമ്പരങ്ങളാണ്...
നിരർത്ഥകമാണ്!?

Aarya Pramod

☆☆☆



**ചിന്താവിഷയം:**

ഭാവി പ്രവചിക്കാൻ എറ്റവും നല്ല രീതി അതു സ്വയം നിർമ്മിച്ചെടുക്കുക എന്നുള്ളതാണ്

-എബ്രഹാം ലിങ്കൺ

@nss_stc_42_144